ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം. ഇത് കിൻഫ്രായെ ഏൽപ്പിച്ചുവെന്ന് കഴിഞ്ഞ തവണ പറഞ്ഞു, അതിനുമുമ്പ് കിൻഫ്രാ അന്വേഷിക്കുന്നുണ്ട് എന്നു പറഞ്ഞു. ഇപ്പോൾ അങ്ങ് വ്യവസായ വകുപ്പുമന്ത്രി ആയ ശേഷം കൊണ്ടുവരുന്ന അഞ്ചാമത്തെ സബ്മിഷനാണ്. സർ, അവിടെ വ്യവസായം തുടങ്ങണം, അതിന് ആരെയെങ്കിലും ചുമതലപ്പെടുത്തണം. സാർ ആരെങ്കിലും വരുന്നോ വരുന്നില്ലയോ എന്ന് അന്വേഷിച്ചതല്ല. ഇത് ഗവൺമെന്റ് കമ്മിറ്റ് ചെയ്തതാണ്. അഷ്വറൻസ് കമ്മിറ്റി ഈ സഭയിൽ കമ്മിറ്റ് ചെയ്തതാണ്. മുഖ്യമന്ത്രി കമ്മിറ്റ് ചെയ്തതാണ്. ഈ സഭയിൽ രണ്ടു മണിക്കൂർ ചർച്ച നടന്നതാണ്. അതുകൊണ്ട് അങ്ങേയ്ക്കുകൂടി താൽപ്പര്യമുള്ള കൃഷിവകുപ്പുമന്ത്രി അടക്കമുള്ള ഒട്ടനവധി ആളുകൾ പങ്കാളികളായിട്ടുള്ള ഈ മൈലത്ത് വ്യവസായം തുടങ്ങുന്നതിന് സമയബന്ധിതമായി ഒരു തീരുമാനം എടുക്കാൻ വ്യവസായ വകുപ്പുമന്ത്രി തയ്യാറാകണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് സത്യമാണ്. 12 ഏക്കർ സ്ഥലം കിൻഫ്രാ ഏറ്റെടുത്തിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന സ്ഥലം ഭൂപരിഷ്ക്കരണ നിയമപ്രകാരം മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ സമർപ്പിച്ച ഒരു റിവിഷണൽ പെറ്റിഷനിൽ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നുണ്ട്. ഈ റിവിഷണൽ പെറ്റിഷൻ വിധി വന്നതിനുശേഷം മാത്രമേ ഈ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കാൻ കഴിയൂ. ഏറ്റെടുത്ത ഭൂമി വ്യവസായ സംരംഭകർക്ക് നൽകുന്നതിന് തീവ്രശ്രമം കിൻഫ്രാ നടത്തിവരുന്നു. പല വ്യവസായികളും സ്ഥലം സന്ദർശിക്കുകയുണ്ടായി എങ്കിലും ഏറ്റെടുക്കുന്നതിനുള്ള അന്തിമ തീരുമാനം ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ആ സ്ഥലത്തുള്ള ആളുകൾക്കുംമറ്റും ഇക്കാര്യത്തിൽ പ്രേരണ നൽകിയാൽ ആവശ്യമായ എല്ലാ സഹായവും അവർക്ക് കൊടുക്കുന്നതാണ്. അക്കാര്യം വ്യവസായവകുപ്പ് ഏൽക്കുന്നു.

മി. സ്പീക്കർ : ആർക്ക് വേണമെങ്കിലും കൊടുക്കാം. പക്ഷെ അത് ആരെങ്കിലും ഏറ്റെടുക്കണമെന്നാണ്.

ശ്രീമതി സുശീലാ ഗോപാലൻ : എടുത്ത സ്ഥലത്തെ പാർക്കുകളിൽ എല്ലാം ആളുകൾ സ്വയമേ വരികയാണ്. എല്ലാ സൗകര്യങ്ങളും നമ്മൾ ചെയ്തുകൊടുക്കുന്നുണ്ട്. അവരെ നിർബന്ധിക്കാൻ പറ്റുകയില്ല. വരുന്ന എല്ലാ ആളുകൾക്കും കെ.എസ്.ഐ.ഡി.സി.യിൽ നിന്നോ കെ.എഫ്.സി.യിൽ നിന്നോ എല്ലാ സഹായങ്ങളും വ്യവസായവകുപ്പിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യും. പക്ഷെ വ്യവസായികളെ പ്രേരിപ്പിക്കാൻ എം.എൽ.എ. അടക്കം എല്ലാപേരും സഹായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(15) എരുമേലി വഴിയുള്ള റോഡുകളുടെ ദുഃസ്ഥിതിമൂലം ശബരിമല തീർത്ഥാടകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ജോർജ് ജെ. മാത്യു : സർ, ശബരിമലയുമായി ബന്ധപ്പെട്ട് രണ്ട് സുപ്രധാനമായ റോഡുകളുണ്ട്. മുണ്ടക്കയത്തു നിന്ന് എരുമേലിവരെയുള്ള റോഡ് സ്റ്റേറ്റ് ഹൈവേയായിട്ട് പ്രഖ്യാപിച്ചിട്ട് വളരെ നാളുകളായി. അതിന്റെ ഒന്നാം ഘട്ടം തീർന്നുകഴിഞ്ഞു. രണ്ടാം ഘട്ടത്തിന്റെ പണി തുടങ്ങി എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. എന്നാൽ അതിന് ചില തടസ്സങ്ങൾ ഉള്ളതായിട്ട് അറിയുന്നു. ബഹുമാനപ്പെട്ട മന്ത്രി എന്റെ പല ചോദ്യങ്ങൾക്കും മറുപടി നൽകിയിട്ടുള്ളത് മൂന്നാം ഘട്ടം ഉൾപ്പെടെ രണ്ട് വർഷത്തിനകം പണി തീരുമെന്നാണ്. ബഹുമാനപ്പെട്ട മന്ത്രി ഏതാണ്ട് ആറ് മാസത്തിനുമുമ്പ് എനിക്ക് മറുപടി നൽകിയതും രണ്ടു വർഷത്തിനകം പണി തീരുമെന്നാണ്. എന്നാൽ മൂന്നാം ഘട്ടത്തിന്റെ പണി ഇതുവരെ തുടങ്ങിയിട്ടില്ല. കൂടാതെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശബരിമല സംബന്ധിച്ച റിപ്പോർട്ടിൽ എറണാകുളം-എരുമേലി പമ്പാവാലി ഹൈവേ, കണമല-മൂക്കൻപെട്ടി, കാളകെട്ടി, ആനക്കല്ല്, കുഴിമാവ്, കോരിത്തോട് വഴി മുണ്ടക്കയം വരെ നീട്ടണമെന്ന് വ്യക്തമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അക്കാര്യത്തെക്കുറിച്ച് തീരുമാനമായിട്ടില്ല. നിലവിലുള്ള റോഡുകളിൽ പാച്ച് വർക്ക് ചെയ്യുന്നതുകൊണ്ട് സുഗമമായി ട്രാഫിക് നടത്താൻ ബുദ്ധിമുട്ടുണ്ട്. ശരിയായ രീതിയിലല്ല മുണ്ടക്കയം-എരുമേലി റോഡിൽ പാച്ച് വർക്ക് നടത്തിയിരിക്കുന്നത്. അതുകൊണ്ട് ഈവക കാര്യങ്ങൾ പരിഗണിച്ച് എത്രയും വേഗം മുണ്ടക്കയം-എരുമേലി ഹൈവേയും പമ്പാവാലി ഹൈവേയും മുണ്ടക്കയം വരെ നീട്ടുന്നതിനുള്ള നടപടികൾ പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും, മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയെ സംബന്ധിച്ചുള്ള 11-ാമത് റിപ്പോർട്ട് ഉണ്ട്. ഇതെല്ലാം വച്ച് നോക്കുമ്പോൾ ഇക്കാര്യത്തിൽ ബഡ്ജറ്റ് പ്രൊവിഷന്റെ പ്രശ്നമാണുള്ളത്. തീർത്ഥാടനകേന്ദ്രമായ ശബരിമലയിലേക്ക് എരുമേലി വഴിയുള്ള റോഡുകളിൽ മുണ്ടക്കയം-എരുമേലി റോഡിന്റെ പണി രണ്ടുവർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. അത് നേരത്തേതന്നെ പറഞ്ഞിട്ടുള്ളതാണ്. പ്രസ്തുത റോഡിന്റെ രണ്ടാംഘട്ടത്തിന് ആവശ്യമായ തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെതന്നെ പ്രസ്തുത റോഡിന്റെ മൂന്നാം ഘട്ടത്തിന് പ്രത്യേക അനുമതി നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പമ്പാവാലി-കോരിത്തോട്-മുണ്ടക്കയം റോഡ് പണിയുന്നതിനു വേണ്ടി വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വനഭൂമി ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ പണി നടത്താൻ കഴിയൂ. മുക്കൂട്ടുതറ, ഇടകടത്തി, പമ്പാവാലി റോഡ് ഒറ്റവരി പാതയാക്കാനും എറണാകുളം-എരുമേലി-പമ്പാവാലി സംസ്ഥാന പാതയുടെ ഭാഗമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ ശബരിമലയിലേക്ക് എരുമേലി വഴിയുള്ള റോഡുകളെല്ലാം അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ആ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് അവിടെ ഒട്ടേറെ പണികൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ശബരിമല ബൽറ്റിലുള്ള സ്റ്റേറ്റ് ഹൈവേയും മേജർ ഡിസ്ട്രിക്ട് റോഡും അങ്ങ് ഒന്ന് സന്ദർശിക്കണമെന്നാണ്. എന്നിട്ട് എവിടെയെങ്കിലും കുഴി ഉണ്ടോയെന്ന് ചൂണ്ടിക്കാണിക്കണം. ഏതായാലും 31-ാം തീയതിയാണല്ലോ ഡേറ്റ് പറഞ്ഞിരിക്കുന്നത്. 1-ാം തീയതി ബഹുമാനപ്പെട്ട മെമ്പർ ആ മേഖല സന്ദർശിച്ചിട്ട് ഇക്കാര്യം റിപ്പോർട്ട് ചെയ്താൽ അതിന് തക്കതായ പരിഹാരം കാണുന്നതാണ്. എനിക്ക് ഇപ്പോൾ കിട്ടിയിട്ടുള്ള റിപ്പോർട്ട് ഒരു ശതമാനം വർക്കേ തീരാനുള്ളൂ; അത് ഈ രണ്ടുദിവസം കൊണ്ട് തീരുമെന്നാണ്. 99 ശതമാനം വർക്കുകളും തീർന്നിട്ടുണ്ട്. അത് പരിശോധിച്ചിട്ട് 1-ാം തീയതി റിപ്പോർട്ട് തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly